എ എം എൽ പി സ്കൂൾ കുരുവമ്പലം

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ഒന്നാം ക്ലാസ്സ്

മലയാളം

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം

വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത

ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത്

ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും

വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം

എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും

അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ

ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന

സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ലക്ഷ്യങ്ങൾ

✽ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

✽ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ

കഴിവുള്ളവരാക്കുക.

✽ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി

പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

✽ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ,

അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

✽ ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.

✽ കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.

✽ തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ

ആകൃഷ്ടരാക്കുന്നു.

✽ ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു,

വായിക്കുന്നു.

✽ കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

✽ പ്രവർത്തന ലക്ഷ്യങ്ങൾ

✽ ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

✽ സർഗ്ഗശേഷികൾ കൈവരിക്കുന്നു.

✽ പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.

✽ പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

✽ കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..

✽ സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

✽ രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ

ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.

✽ രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

പ്രവർത്തനങ്ങൾ

സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.

സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

✽അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം

✽ ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.

✽താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

✽സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.

✽കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.

✽വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

✽ രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

✽പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

✽ ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

✽അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

✽ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

✿റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.

✿ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.

✿സംയുക്ത ഡയറി എഴുത്ത് തുടരുന്നു.

✿പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.

✿ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ

✿എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.

✿ രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.

✿ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

✿ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

✿ സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.

✿ സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

✿ ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

✿ അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

✿ വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.

✿ കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

✿വായനോത്സവം സംഘടിപ്പിക്കുന്നു.

✿ ആസ്വാദ്യകരമായ വായന നടത്തുന്നു.

✿ ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

✽ രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

നവംബർ

പ്രവർത്തനങ്ങൾ

✽ സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.

✽ കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

✽ വായനോത്സവം തുടങ്ങുന്നു

✽ രചനോത്സവം തുടങ്ങുന്നു

✽ പത്രവായനയ്ക്ക് അവസരം ഒരുക്കൽ.

✽ താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

✽സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.

✽ ചിത്ര വായന നടത്തുന്നു.

✽ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട

വായന നടത്തുന്നു

✽ ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

✽ നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.

✽ ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.

✽ ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

✿ ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും

✿ രചന ശേഷി പരിപോഷിപ്പിക്കൽ.

✿ ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.

✿ രണ്ടോ മൂന്നോ പേരടങ്ങുന്നു ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

✿ ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

✿ കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.

✿സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന

പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

✿പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.

✿സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

✿ കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ

നടത്തുന്നു.

✿ തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

✿ കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.

✿സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ

സൂക്ഷിക്കുന്നു..

✿ കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.

✿ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

✿കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

✿ മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

**<u>ഫെബ്രുവരി</u>**

പ്രവർത്തനങ്ങൾ

✿ ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.

✿ കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

✿ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.

✿ ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

✿ ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

✿ സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.

✿ ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

✿ കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

**<u>മാർച്ച്</u>**

പ്രവർത്തനങ്ങൾ

✿ കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

✿വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം

ഒരുക്കുന്നു.

✿ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

✿ കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.

✿ കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.

✿ രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്

✿ കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.

✿ മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.

✿ സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

✿ സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.

✿ സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.

✿ ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.

✿ എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

## അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

class 1

ലക്ഷ്യങ്ങൾ

1 വായന

തെറ്റ് കൂടാതെ വാറ്റിക്കാൻ ഉള്ള കഴിവ്,

അക്ഷരങ്ങളുടെ ഉച്ചാരണം മനസിലാക്കുന്നു

*അക്ഷര വായന

*ക്ലാസ് വായന

ചിത്രവായന

*വീട്ടുവായന

2.അറബി അക്ഷരങ്ങളുടെ എഴുത്തിൻ്റെ പരിപോഷണം

'എഴുത്തിൻ്റെ രീതി മനസിലാക്കുന്നു

*അക്ഷരക്കാർഡ്

ഔട്ട് ലൈൻ വരച്ച് നിറം നൽകുന്നു

* പദനിർമ്മാണം

3. അറബിക്ഫെസ്റ്റ്

അറബിക് ഡേയുമായി ബാസപ്പെട്ട് വ്യത്യസ്ത കലാപരിപാടികൾ

4.ആസ്വാദനലോകം

പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും മറ്റുള്ളവർക്ക് അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു.

5. അക്ഷര ചാർട്ട്

വീടുകളിൽ വളരുന്ന അക്ഷര ചാർട്ട്

# ക്ലാസ് 2

## മലയാളം

*എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

*കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

*സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

*ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതികവിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക. *ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

*മികച്ച വായന ശീലം വളർത്തുക.

* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സിന് അനുയോജ്യമായ തരത്തിലുള്ള

## ഗണിതം

*അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പുവരുത്തുക.

*ഗണിത പ്രശ്നങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുക.

* ഗണിത ചിന്ത, യുക്തി ചിന്ത എന്നിവ കുട്ടികളിൽ വളർത്തുക.

* ഗണിത കേളികൾക്ക് അവസരം സൃഷ്ടിക്കുക.

## English

*ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുക.

* പഠന പ്രവർത്തനങ്ങൾ രസകരമാക്കുന്നതിന് ഇംഗ്ലീഷ് ഗെയിം നടത്തുക.

* ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിനായി റീഡിങ് കാർഡുകൾ ഉപയോഗിക്കുക

* പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വർക്ക് ഷീറ്റുകൾ ഉപയോഗിക്കുക

## അക്കാദമിക മാസ്റ്റർ പ്ലാൻ , അറബിക്

ലക്ഷ്യങ്ങൾ

1. വായന

തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ്, അക്ഷരങ്ങളുടെ ഉച്ചാരണം

പ്രവർത്തനങ്ങൾ

*അക്ഷര വായന

അക്ഷരക്കാർഡ്

* ക്ലാസ് വായന

വായനമൂല

*ചിത്രവായന

വീട്ടുവായന

2.അറബി അക്ഷരങ്ങളുടെ എഴുത്തിൻ്റെ പരിപോഷണം

*പദനിർമ്മാണം

തനതായ അക്ഷരസൗന്ദര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം

4. അറബിക് ഫെസ്റ്റ്

* അറബിക് ഡേയുമായി ബന്ധപ്പെട്ട് ഫെസ്റ്റ്

* വ്യത്യസ്ത കലാപരിപാടികൾ

5. ആസ്വാദനലോകം

*പാടനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും എല്ലാവർക്കും അവസരം സൃഷ്ടിക്കാനും മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു

# ക്ലാസ് 3

## പരിസര പഠനം

ലക്ഷ്യം 1

പരിസ്ഥിതി സൗഹൃദ  മനോഭാവം വളർത്തിയെടുക്കുക.

( ജൂൺ - ജനുവരി) -പ്രകൃതിനിരീക്ഷണം, -പ്രകൃതി നടത്തം, ചെടികൾ, ജീവികൾ എന്നിവ നിരീക്ഷിക്കുന്നു.

-സ്കൂൾ പൂന്തോട്ട നവീകരണം, സ്കൂൾ പച്ചക്കറിത്തോട്ടം, വീട്ടിലൊരു പൂന്തോട്ടം.

-ഫീൽഡ് ട്രിപ്പ്

ലക്ഷ്യം 2

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

(ജൂൺ - മാർച്ച്)

-ക്ലാസ് റൂം ലാബ് (ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ)

-ലിറ്റിൽ സയന്റിസ്റ്റ് (ഓരോ കുട്ടിക്കും പരീക്ഷണ കിറ്റ്- കുട്ടികൾ സ്വന്തമായി പരീക്ഷണം ചെയ്യുന്നു )

-ശാസ്ത്രോത്സവം(വർഷത്തിലൊരിക്കൽ)

ലക്ഷ്യം 3

*കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

*നല്ല ആരോഗ്യ ശീലങ്ങളും, ഭക്ഷണ ശീലങ്ങളും കുട്ടികളിൽ ഉണ്ടാക്കുക

(ജൂൺ - മാർച്ച്)

-ഡ്രൈ ഡേ ആചരണം

-ശുചിത്വ മത്സരം (ക്ലാസ് തലത്തിൽ)

-പോസ്റ്റർ നിർമ്മാണം, (സ്കൂൾ പരിസരത്തു പതിപ്പിക്കൽ)

-വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നു.

-മില്ലറ്റ് പ്രദർശനം

## ENGLISH

*To speak, Read, write English without any mistake.

(JUNE - MARCH)

-Reading card (writing, Reading)

-Rhyming വേർഡ്സ്

-Make picture discription

-Self Introduction

English Assembly

English Fest.

## Maths

*കണക്കിലെ കളികൾ *

•ഒറിഗാമി  നിർമാണം

•പസ്സിലുകൾ പാറ്റേണുകൾ അവതരണം

°ഗണിതോത്സവം

° വിവിധ തരം ഗണിത കളികൾ ആസൂത്രണം, നടപ്പിലാക്കൽ

°കുട്ടികളുടെ ഉയരം, തൂക്കം കണ്ടെത്തുന്നതിനായി ഒരു ക്യാമ്പ്.

°കണക്കിലെ ക്രിയകൾ- പ്രവർത്തനങ്ങൾ

°സംഖ്യാ സൂര്യൻ,സംഖ്യാ ചക്രം.

## മലയാളം

ലക്ഷ്യം:1

നാടൻപാട്ട്  ചൊല്ലിയും സ്വയം താളം പിടിച്ചുചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

ജൂൺ-മാർച്ച്

-ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻപാട്ടുകളുടെ പതിപ്പ് തയ്യാറാക്കൽ.

-നാടൻപാട്ട് ശില്പശാല

-പാവനാടക അവതരണം.

-പഴഞ്ചൊല്ലുകളുടെ ശേഖരണം

-കടങ്കഥ പതിപ്പ് തയ്യാറാക്കൽ

-കടങ്കഥ നിർമ്മാണം.

-വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം.

-നാട്ടുകഥകൾ ശേഖരണം.

ലക്ഷ്യം:2

മുഴുവൻ കുട്ടികളേയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

ജൂൺ-മാർച്ച്

- കുട്ടികേട്ട ഒരു കഥ പറയൽ
- അക്ഷരകാർഡ് നൽകി വാക്കുനിർമ്മാണം
- ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച് സ്വന്തം ഭാഷയിൽ കഥ പറയുക.
- ഓണപ്പതിപ്പ് തയ്യാറാക്കൽ
- ഫീൽഡ്ട്രിപ്പ് ( കൃഷിയിടം)
- കഥാരചന അവതരണം.

## അക്കാദമിക് മാസ്റ്റർ പ്ലാൻ അറബിക്

ലക്ഷ്യങ്ങൾ

1. വായന

2. തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ്,

അക്ഷരങ്ങളുടെ ഉച്ചാരണം മനസിലാക്കുന്നു

*'ലൈബ്രറി വായന

*ചിത്രവായന

വീട്ടുവായന

*വായന മത്സരങ്ങൾ

* വാക്യങ്ങൾ ഉറപ്പിക്കൽ

* വ്യാകരണങ്ങൾ

2.അറബി അക്ഷരങ്ങളുടെ എഴുത്തിൻ്റെ പരിപോഷണം

*തനതായ അക്ഷര സൗന്ദര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം

* ക്ലാസ് മാസിക / ചുമർപത്രിക / വായനക്കാർഡ് നിർമ്മാണം

* 3. അസംബ്ലി

ചെറിയ വാർത്തകൾ

* ചിന്താവിഷയം

4 അറബിക് ഫെസ്റ്റ്

അറബിക് Day യുമായി ബന്ധപ്പെട്ട് ഫുൾ ഡേ /

ഹാഫ് ഡേഫെസ്റ്റ്

*വ്യത്യസ്ത കലാപരിപാടികൾ

* സമ്മാന വിതരണം

ദിനാചരണങ്ങൾ

*പ്രധാന ദിനാചരണങ്ങളിൽ ടീച്ചറുടെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം

.ആസ്വാദന ലോകം

പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താനും എല്ലാവർക്കുംഅവസരം സൃഷ്ടിക്കാനു - മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു

# ക്ലാസ് 4

ലക്ഷ്യം:

♦നാലാം ക്ലാസി ലെ വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും സമഗ്രവും ,ആസ്വാദ്യകരവും ആയ പഠനം ഉറപ്പാക്കുക

♦ ഓരോ കുട്ടിയുടെയും വ്യക്തിഗത ' കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക

പൊതു തത്വങ്ങൾ

☞ കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം

☞ സർഗാത്മകതക്കും

സ്വയം പഠനത്തിനും പ്രാധാന്യം

☞ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം

1 മധുരം മലയാളം

- വായിക്കാം വളരാം (വായനശേഷി വളർത്തൽ - വായന കാർഡ് നിർമ്മാണം)

- എഴുതാം തെളിയാം ( എഴുത്ത് കളരി പ്രതിമാസം)

- രുചിച്ചറിയാം (നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ - കുറിപ്പ് തയ്യാറാക്കൽ)

- ഓർമ്മ ദിനങ്ങൾ ( ദിനാചരണങ്ങൾ)

- കലക്കൂട്ട് (പാഠ ഭാഗവുമായി ബന്ധപ്പെട്ട കലകൾ പരിചയപ്പെടൽ - നേരിട്ടറിയൽ )

-

2. English വിരിയുന്ന ചിന്തകൾ

- English അസംബ്ലി

- English Diary

- റീഡേഴ്സ് തീയറ്റർ

- skit, drama, Rhymes ,Conversation -, presentation

- മാസിക നിർമ്മാണം -

(Quarterly)

. കൈയെഴുത്ത് മത്സരം

. English Corner

English Fest

3 . Maths കളിക്കാം ഗണിതം

. ഗണിത കേളികൾ

. ഒറിഗാമി നിർമ്മാണം പ്രദർശനം

. ഗണിതച്ചുമർ

. ശില്പശാല - പഠനോപകരണം

. ഗണിതോത്സവം (വർഷത്തിലൊരിക്കൽ)

. പസിൽ പാറ്റേൺ അവതരണം ( Term ൽ ഒന്ന് )

4. പരിസര പഠനം

അറിയാംഅടുത്തറിയാം

. പ്രകൃതി നടത്തം / ഫീൽഡ് ട്രിപ്പ് -നിരീക്ഷണം അറിവ്

. ശാസ്ത്ര മൂല-ക്ലാസിൽ

. ഭൂപടവായന (കേരളം, ഇന്ത്യ )

. ശാസ്ത്രോത്സവം (വർഷത്തിൽ ഒന്ന് )

. ശാസ്ത്ര മാസിക ( Term ൽ ഒന്ന് )

## അറബിക്

ലക്ഷ്യങ്ങൾ

1. വായന

*തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവ്

* അക്ഷരങ്ങളുടെ ഉച്ചാരണം മനസ്സിലാക്കി വായിക്കുന്നു

പ്രവർത്തനങ്ങൾ

* ചിത്രവായന

* വീട്ടുവായന

* ലൈബ്രറി വായന

* വാക്യങ്ങൾ ഉറപ്പിക്കൽ

* വ്യാകരണങ്ങൾ

* വായന മത്സരങ്ങൾ

2.*അറബി അക്ഷരങ്ങളുടെ എഴുത്തിൻ്റെ പരിപോഷണം

*എഴുത്ത് രീതി മനസ്സിലാക്കി എഴുതുന്നു

പ്രവർത്തനങ്ങൾ

*തനതായ അക്ഷരസൗകര്യം വർദ്ധിപ്പിക്കാൻ എഴുത്ത് പരിശീലനം

* ക്ലാസ് മാസിക / ചുമർ പത്രിക / വായനക്കാർഡ് നിർമ്മാണം

* 3. അസംബ്ലി

ചെറിയ വാർത്തകൾ

ചിന്താവിഷയം

4. അറബിക് ഫെസ്റ്റ്

*അറബിക് Day യുമായി ബന്ധപ്പെട്ടു

ഹാഫ് ഡേ/ ഫുൾ ഡേ ഫെസ്റ്റ് നടത്തുക

*മത്സരങ്ങൾക്കുള്ള സമ്മാന വിതരണം

*വ്യത്യസ്ത കലാപരിപാടികൾ

5.ദിനാചരണങ്ങൾ

*പ്രധാന ദിനാചരണങ്ങളിൽ ടീച്ചറുടെ സഹായത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു

6.ആസ്വാദനലോകം

* പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്താൻ മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരുന്നു